പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2125          22.01.2014-ൽ മറുപടിക്ക്.

## ഫയൽ സമർപ്പണം ഓൺലൈൻവഴി നടപ്പാക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) പോലീസ് ഭരണവിഭാഗത്തിൽ ഫയൽ സമർപ്പണം ഓൺലൈൻ നടപ്പാക്കുന്നതിനായി ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസ്സസ്സിംഗ് സിസ്റ്റം (ഐ.എ.പി.എസ്) സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | : | (എ) പോലീസ് ഭരണവിഭാഗത്തിൽ ഫയൽ സമർപ്പണം ഓൺലൈൻവഴി നടപ്പാക്കുന്നതിനായി ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസ്സസ്സിംഗ് സിസ്റ്റം (ഐ.എ.പി.എസ്) എന്ന വെബ് അധിഷ്ടിത പദ്ധതിക്ക് സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി) നമ്പർ 2178/2010/ആഭ്യന്തരം തീയതി 30.6.2010 പ്രകാരം ഉത്തവായിട്ടുള്ളതാകുന്നു. |
| ബി) നാളിതുവരെ ആയതിനായി എത്ര തുപ ചെലവഴിച്ചുവെന്ന് അറിയിക്കുമോ; | | (ബി) സോഫ്റ്റ് വെയർ നിർമ്മാണത്തിനായി 80 ലക്ഷം രൂപയും ട്രെയിനിംഗ് ആവശ്യങ്ങൾക്കായി 2,50,000/- രൂപയും സെർവർ, കംപ്യൂട്ടർ, സ്കാനർ, പ്രിന്റർ, യു.പി.എസ് തുടങ്ങിയ അനുബന്ധ സംവിധാനങ്ങൾ വാങ്ങുന്നതിനായി 38,59,636/- രൂപയും നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത സംവിധാനം സമ്പൂർണ്ണമായി നടപ്പിലാക്കുന്നതോടെ പോലീസ് വകുപ്പിലെ ഫയൽ നടപടി ക്രമത്തിലുള്ള കാര്യക്ഷമത സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;<br>ഡി) എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം അറിയിക്കുമോ? | | (സി & ഡി) ഉണ്ട്. പോലീസ് ഭരണവിഭാഗത്തിലും, പോലീസ് സ്റ്റേഷനുകളിലും ലഭിക്കുന്ന പരാതികളിന്മേലും മറ്റു തപാലുകളിന്മേലും യഥാസമയം നടപടിയെടുത്തോ എന്ന് ഓഫീസ് മേലധികാരികൾക്ക് വളരെ എളുപ്പത്തിൽ പരിശോധിക്കുവാൻ ഈ സംവിധാനത്തിലൂടെ സാധിക്കും. കൂടാതെ പ്രസ്തുത സംവിധാനംമൂലം ഫയലുകളിന്മേൽ യഥാസമയം തീർപ്പുകൽപ്പിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ